പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3088 — 18.06.2019-ൽ മറുപടിക്ക്

ഡേറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയ നെൽവയൽ/തണ്ണീർത്തടം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നെൽവയൽ, തണ്ണീർത്തടം എന്നീ നിലകളിൽ ഡേറ്റാബാങ്കിൽ ഉൾപ്പെട്ടുത്തിയ ഭൂമി അതിൽ നിന്നും ഒഴിവാക്കി കിട്ടുന്നതിനുള്ള അപേക്ഷകൾ ഏത് രീതിയിലാണ് പരിഗണിക്കുക എന്ന് വ്യക്തമാക്കാമോ; | (എ) പ്രദർശിപ്പിച്ചിട്ടുള്ള ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ മൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ആക്ഷേപങ്ങൾ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടത്തിലെ ഫാറം നമ്പർ 5 പ്രകാരമുള്ള അപേക്ഷാഫാറത്തിൽ ആർ.ഡി.ഒ യ്ക്ക് സമർപ്പിക്കാവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ നെൽവയലുകളെ സംബന്ധിച്ചുള്ളതാണെങ്കിൽ ബന്ധപ്പെട്ട കൃഷി ഓഫീസർക്കും തണ്ണീർത്തടങ്ങളെ സംബന്ധിച്ചുള്ളതാണെങ്കിൽ ബന്ധപ്പെട്ട വില്ലേജാഫീസർക്കും റിപ്പോർട്ടിനായി അയച്ചു കൊടുക്കേണ്ടതും, റിപ്പോർട്ട് ലഭിച്ച ശേഷം ആവശ്യമെങ്കിൽ നേരിട്ട് പരിശോധന നടത്തിയോ, കേന്ദ്ര സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ തയ്യാറാക്കിയ ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടു കൂടിയോ ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ സംബന്ധിച്ച് ആക്ഷേപമുള്ള അപേക്ഷയിൻമേൽ ഉചിതമായി തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) നെൽവയൽ, തണ്ണീർത്തടം എന്നിവിടങ്ങളിലെ നിർമ്മാണവുമായി ബന്ധപ്പെട്ട് കളക്ടറുടെ പരിഗണനയിലുള്ള അപേക്ഷകളിൽ എന്ത് തീരുമാനമാണ് കൈക്കൊള്ളുന്നത്എന്നറിയിക്കുമോ; ഇത് സംബന്ധിച്ച് ആരാണ് അന്വേഷണം നടത്തേണ്ടതെന്ന് അറിയിക്കാമോ ; | (ബി) നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിനുവേണ്ടി പഞ്ചായത്ത് പ്രദേശങ്ങളിൽ 10-ഉം മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിൽ 5-ഉം സെന്റ് ഭൂമി നികത്തുന്നതിന് ശുപാർശ ചെയ്യുന്നത് പ്രാദേശികതല നിരീക്ഷണ സമിതിയാണ്. അനുമതി നൽകുന്നത് ജില്ലാതല സമിതിയാണ്. ഇതു സംബന്ധിച്ച് കളക്ടറേറ്റിൽ ലഭിക്കുന്ന അപേക്ഷകളെല്ലാം തന്നെ ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളിലേയക്ക് കൈമാറി വരുകയാണ് ചെയ്യുന്നത്.<br>എന്നാൽ ജില്ലാ അധികൃത സമിതിയുടെ തീരുമാനങ്ങൾക്ക് എതിരായ അപ്പീലും വകുപ്പ് |

27(എ) ഉപവാക്യ് (2) പ്രകാരമുള്ള ആ.ർ.ഡി ഒ യുടെ ഉത്തരവിനെതിരെയുള്ള അപ്പീലും ജില്ലാ കളക്ടർമാർ തീർപ്പ് കൽപ്പിച്ചു വരുന്നു. ജില്ലാ അധികൃത സമിതിയുടെ തീരുമാനം സംബന്ധിച്ച് ജില്ലാ കളക്ടർമാർ പുറപ്പെടുവിക്കുന്ന അപ്പീലിൻമേലുള്ള റിവിഷൻ പെറ്റീഷനുകളിൻമേൽ തീരുമാനം കൈക്കൊള്ളുന്നത് സർക്കാരാണ്.

| | |
|---|---|
| (സി) അവലോകനസമിതിയുടെയും വില്ലേജ് ഓഫീസറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകുന്ന ഉത്തരവ് സഹിതം പെർമിറ്റ് അപേക്ഷ സമർപ്പിച്ചാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടർനടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിശോധിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ ഉചിത നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) മുൻപ് നിരസിച്ച പെർമിറ്റ് അപേക്ഷകൾ അനുകൂല റവന്യൂ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ? | (ഡി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പുന:പരിശോധനയ്ക്ക് വിധേയമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ